പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2020 — 01.02.2018 ൽ മറുപടിക്ക്

# റോഡ് സുരക്ഷാ ഓഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, അൻവർ സാദത്ത്: | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ പോലീസ് , മോട്ടോർ വാഹനം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും നാറ്റ്പാകിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പാതകളിൽ അപകടങ്ങൾ കൂടുതലായി സംഭവിച്ച മേഖലകൾ കണ്ടു പിടിയ്ക്കുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിയതനുസരിച്ച് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ദേശീയപാതയിലുൾപ്പെടാത്ത 116 എണ്ണത്തിൽ, മുൻഗണനാക്രമം നിശ്ചയിച്ച 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന – പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ അപകടങ്ങൾ ഒഴിവാക്കാൻ ലക്ഷ്യമിട്ട് പരിശോധന നടത്തി വരുന്നു. വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന ഒറ്റത്തവണ സെസ്സ്, പോലീസ് - മോട്ടോർ വാഹന വകുപ്പുകൾ ഈടാക്കുന്ന പിഴ എന്നിവ ചേർത്ത് റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നാറ്റ്പാക് തയ്യാറാക്കിയ റോഡ് സേഫ്റ്റി ആക്ഷൻ പ്ലാനും പോളിസിയും കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകരിക്കുകയും അവശ്യ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്കയച്ച കൊടുക്കുകയും ചെയ്തിട്ടുണ്ട്. പാതയോരങ്ങളിലെ അനധികൃത കൈയേറ്റങ്ങൾ |

| | | |
|---|---|---|
| | | ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. അമിത വേഗത, വാഹനമോടിയ്ക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ചുള്ള ഡ്രൈവിംഗ്, ചരക്കു വാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ച് ലൈസൻസ് റദ്ദ് ചെയ്യുന്നുണ്ട്. ഇതിനു പുറമെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ വേഗനിയന്ത്രണപ്പൂട്ട് ഘടിപ്പിച്ചതിന്റെയും തേർഡ് പാർട്ടി ഇൻഷുറൻസ് ഇല്ലാതെ നിരത്തിലോടുന്ന വാഹനങ്ങൾ പിടിച്ച് വച്ച് ഇൻഷുർ പുതുക്കുന്ന മുറയ്ക്ക് വാഹനങ്ങൾ വിട്ടു നൽകി വരുന്നു. സിനിമാശാലകളിൽ ഓരോ പ്രദർശനവും ആരംഭിക്കുന്നതിനു മുൻപ് 30 സെക്കന്റു മുതൽ ഒരു മിനിട്ട് വരെ ദൈർഘ്യമുള്ള റോഡ് സുരക്ഷാ പരസ്യങ്ങൾ സൗജന്യമായി പ്രദർശിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ദേശീയ – സംസ്ഥാന പാതയോരങ്ങളിലെ മദ്യഷോപ്പുകൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എക്സൈസ് കമ്മിഷണറോടാവശ്യപ്പെട്ടിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളിലെ യാത്രികർക്ക് ഹെൽമറ്റ് ധരിയ്ക്കുന്നത് ഉറപ്പു വരുത്തും വിധം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>റോഡപകട നിരക്ക് 10% മെങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസവും രണ്ടാം ബുധനാഴ്ച യോഗം വിളിച്ചു ചേർക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br>കഴക്കൂട്ടം - അടൂർ " മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട് " ന് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ ഗ്രൂപ്പ് സാങ്കേതിക സഹായം നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്തെ റോഡുകൾ മരണക്കെണികളായി മാറുന്ന അവസ്ഥ കണക്കിലെടുത്ത് റോഡ് സുരക്ഷയ്ക്ക് ഉയർന്ന പരിഗണന നൽകുമോ; | (ബി) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ ഫലമായി റോഡപകടങ്ങളുടെ എണ്ണം 2016- ൽ 39420 ആയിരുന്നത് 2017- ൽ 38486 ആയും മരണ നിരക്ക് 4287 ആയിരുന്നത് 4061 ആയും കുറഞ്ഞിട്ടുണ്ട്. |
| (സി) | പത്ത് കോടിയിലധികം രൂപ നിർമ്മാണച്ചെലവ് | (സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ വരുന്ന റോഡുകൾ വിശദമായ രൂപരേഖ തയ്യാറാക്കി റോഡ് |

| | | | |
|---|---|---|---|
| | ആവശ്യമായിവരുന്ന റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നുണ്ടോ; | | സുരക്ഷയ്ക്ക് വേണ്ടിയുള്ള മുൻകരുതലുകൾ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. ടി റോഡുകളുടെ പരിപാലനം നിശ്ചിത കാലയളവിലേയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസി തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ റോഡുകളിൽ സുരക്ഷ ഓഡിറ്റ് നടത്തിയിട്ടില്ല. |
| (ഡി) | റോഡ് സുരക്ഷാ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ഡി) | (എ) പിരിവിന്റെ മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ